**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 232** **23-01-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രസവ കേസുകൾ അറ്റൻഡ് ചെയ്യാത്തത് കാരണം സാധാരണക്കാരായ ജനങ്ങൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ 2 ഡോക്ടർമാരെയാണ് ഗൈനക്കോളജി വിഭാഗത്തിൽ അനുവദിച്ചിട്ടുള്ളത്. കൂടാതെ പീഡിയാട്രിക്സ് , അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ ഓരോ ഡോക്ടർമാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നുണ്ട്. ഗൈനക്ക് വിഭാഗത്തിൽ ഉണ്ടായിരുന്ന ഒരു ഡോക്ടർ 04/03/2024 തീയതിയിൽ ഈ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലും അല്ലാതെയും ആർജ്ജിതാവധിയിലും അർദ്ധവേതനാവധിയിലും ആയിരുന്നു. നിലവിൽ ഇതേ ഡോക്ടർ അവധിയിൽ തുടരുകയാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലും അല്ലാതെയും ആർജ്ജിത, അർദ്ധവേതന, ശൂന്യവേതന അവധികൾ എടുക്കുന്നതിനാൽ ഈ ഡോക്ടറുടെ സേവനം ഈ സ്ഥാപനത്തിൽ കൃത്യമായി ലഭ്യമായിരുന്നില്ല. മറ്റൊരു ഡോക്ടർ 10/12/2024 തീയതിയിൽ ജോലിയിൽ പ്രവേശിച്ചത് മുതൽ കാര്യക്ഷമമായ രീതിയിൽ ഗൈനക്ക് വിഭാഗം പ്രവർത്തിക്കാൻ ആരംഭിച്ചിട്ടുണ്ട്. ഒരു പീഡിയാട്രിക്, ഒരു അനസ്തേഷ്യ വിഭാഗം ഡോക്ടർ മാത്രമേ നിലവിലുള്ളൂവെങ്കിലും ഇപ്പോഴുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പ്രസവസംബന്ധമായ ചികിത്സ നടത്താൻ സന്നദ്ധമാണെന്ന് ഈ ഡോക്ടർ അറിയിച്ചിട്ടുണ്ട്.<br><br>കൂടാതെ നാദാപുരം താലൂക്ക് ആശുപത്രിയിലും, കുറ്റ്യാടി താലൂക്ക് ആശുപത്രിയിലുമുള്ള ഗൈനക്ക്, അനസ്തേഷ്യ വിഭാഗം ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ടി സ്ഥാപനത്തിൽ തന്നെ ഗൈനക്ക് വിഭാഗം രോഗികൾക്ക് ചികിത്സയും പരിശോധനയും നൽകുകയും അതോടൊപ്പം കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെയും നാദാപുരം താലൂക്ക് ആശുപത്രിയുടെയും ഡെലിവറി പോയിന്റാക്കി കുറ്റ്യാടി |

| | | | |
|---|---|---|---|
| | | | താലൂക്ക് ആശുപത്രിയെ മാറ്റുന്ന വിഷയവും പരിശോധിച്ചു വരുന്നു. |
| (ബി) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രസവ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വിശദമാക്കാമോ; | (ബി) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ 2 ഡോക്ടർമാരെയാണ് ഗൈനക്കോളജി വിഭാഗത്തിൽ അനുവദിച്ചിട്ടുള്ളത്. കൂടാതെ പീഡിയാട്രിക്സ്, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ ഓരോ ഡോക്ടർമാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നുണ്ട്. ഗൈനക്ക് വിഭാഗത്തിൽ ഉണ്ടായിരുന്ന ഒരു ഡോക്ടർ 04/03/2024 തീയതിയിൽ ഈ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലും അല്ലാതെയും ആർജ്ജിതാവധിയിലും അർദ്ധവേതനാവധിയിലും ആയിരുന്നു. നിലവിൽ ഇതേ ഡോക്ടർ അവധിയിൽ തുടരുകയാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലും അല്ലാതെയും ആർജ്ജിത, അർദ്ധവേതന, ശൂന്യവേതന അവധികൾ എടുക്കുന്നതിനാൽ ഈ ഡോക്ടറുടെ സേവനം ഈ സ്ഥാപനത്തിൽ കൃത്യമായി ലഭ്യമായിരുന്നില്ല. മറ്റൊരു ഡോക്ടർ 10/12/2024 തീയതിയിൽ ജോലിയിൽ പ്രവേശിച്ചത് മുതൽ കാര്യക്ഷമമായ രീതിയിൽ ഗൈനക്ക് വിഭാഗം പ്രവർത്തിക്കാൻ ആരംഭിച്ചിട്ടുണ്ട്. ഒരു പീഡിയാട്രിക്, ഒരു അനസ്തേഷ്യ വിഭാഗം ഡോക്ടർ മാത്രമേ നിലവിലുള്ളൂവെങ്കിലും ഇപ്പോഴുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പ്രസവസംബന്ധമായ ചികിത്സ നടത്താൻ സന്നദ്ധമാണെന്ന് ഈ ഡോക്ടർ അറിയിച്ചിട്ടുണ്ട്.<br><br>കൂടാതെ നാദാപുരം താലൂക്ക് ആശുപത്രിയിലും, കുറ്റ്യാടി താലൂക്ക് ആശുപത്രിയിലുമുള്ള ഗൈനക്ക്, അനസ്തേഷ്യ വിഭാഗം ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ടി സ്ഥാപനത്തിൽ തന്നെ ഗൈനക്ക് വിഭാഗം രോഗികൾക്ക് ചികിത്സയും പരിശോധനയും നൽകുകയും അതോടൊപ്പം കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെയും നാദാപുരം താലൂക്ക് ആശുപത്രിയുടെയുംഡെലിവറി പോയിന്റാക്കി കുറ്റ്യാടി താലൂക്ക് ആശുപത്രിയെ മാറ്റുന്ന വിഷയവും പരിശോധിച്ചു വരുന്നു. |
| (സി) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ എന്നു മുതൽ പ്രസവ കേസുകൾ നോക്കാൻ എടുക്കുന്നതിന് കഴിയുമെന്ന് അറിയിക്കാമോ? | (സി) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രസവം എടുക്കാനുള്ള സംവിധാനങ്ങൾ നിലവിൽ സജ്ജമാണ്. |

സെക്ഷൻ ഓഫീസർ